പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2270 **27-10-2026-ൽ മറുപടിയ്ക്ക്**

ജയിലുകളിലെ അത്യാധുനിക സുരക്ഷാ-പരിശോധനാ സംവിധാനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) 'ഓപ്പറേഷൻ ത്രഫാൻ' ഉൾപ്പെടെയുള്ള കർശന പരിശോധനകളിലൂടെയും മറ്റ് കേസുകളിലും അറസ്റ്റിലാകുന്ന പ്രതികൾ, ശരീരത്തിന്റെ സ്വകാര്യ ഭാഗങ്ങളിൽ ഒളിപ്പിച്ച് ജയിലുകൾക്കുള്ളിലേക്ക് മയക്കുമരുന്ന് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജയിലുകൾക്കുള്ളിലേക്ക് ലഹരിവസ്തുക്കളും മറ്റ് നിരോധിത സാധനങ്ങളും കടത്തുന്നത് തടയുന്നതിനായി നിലവിൽ ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ-പരിശോധനാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ലോഹ വസ്തുക്കളും മൊബൈൽ ഫോണുകളും കണ്ടെത്താൻ ഡോർ ഫ്രെയിം, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ തുടങ്ങിയ സജ്ജീകരണങ്ങളും, ജയിലിനുള്ളിലേക്ക് കൊണ്ടുവരുന്ന ഭക്ഷണ സാധനങ്ങൾ, വസ്തുങ്ങൾ എന്നിവ പരിശോധിക്കാൻ എക്സ്-റേ ബാഗേജ് സ്കാനർ സംവിധാനവും നിലവിലുണ്ട്.

(സി) ശരീരത്തിനുള്ളിൽ ഒളിപ്പിച്ചുകടത്തുന്ന ലഹരിവസ്തുക്കൾ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ സെൻട്രൽ, ജില്ലാ ജയിലുകളിൽ ഫുൾ ബോഡി സ്കാനറുകൾ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെങ്കിലും അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: സംസ്ഥാനത്തെ സെൻട്രൽ ജയിൽ, ജില്ലാ ജയിലുകളിൽ ഫുൾ ബോഡി സ്കാനറുകൾ ഉൾപ്പെടെയുള്ള പരിശോധനാ സംവിധാനങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ